പാലക്കാട്	..	43659
മലപ്പുറം	..	42194
കോഴിക്കോട്	..	43621
വയനാട്	..	9112
കണ്ണൂർ	..	49767
കാസർഗോഡ്	..	38923

വിഴിഞ്ഞം തുറമുഖവികസനം

110 [2979] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ വികസനത്തിനായി എത്ര സംരംഭകരാണ് സർക്കാരിനെ സമീപിച്ചിട്ടുള്ളത്;

(ബി) തുറമുഖത്തിന് അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) നാളിതുവരെ 23 സംരംഭകർ താൽപര്യം പ്രകടിപ്പിച്ച് ഒഴുകുസുകൾ സമർപ്പിക്കുവാൻ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (ആർ. എഫ്. പി.) രേഖകൾ വാങ്ങിയിട്ടുണ്ട്,

(ബി) തുറമുഖത്തിന് അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന പേരിലുള്ള ഒരു കമ്പനി 2004 ഡിസംബറിൽ രൂപീകരിക്കുകയുണ്ടായി. ഈ പ്രത്യേകോദ്ദേശ കമ്പനിയുടെ ചെയർമാൻ മുഖ്യമന്ത്രിയും, വൈസ് ചെയർമാൻ സഹകരണ-തുറമുഖവകുപ്പ് മന്ത്രിയുമാണ്. ധനമന്ത്രി, ജലവിഭവമന്ത്രി, ചീഫ് സെക്രട്ടറി, സർക്കാരിന്റെ ഉപദേഷ്ടാവ്, സഹകരണ-തുറമുഖ വകുപ്പ് സെക്രട്ടറി എന്നിവർ ബോർഡിലെ മറ്റ് അംഗങ്ങളാണ്.

2. തുറമുഖവുമായി ബന്ധിപ്പിക്കുന്ന റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിന് സതേൺ റെയിൽവേയോട് കേരള സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡ് വികസനത്തിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവുമായി ബന്ധപ്പെട്ടിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലവിതരണം തുടങ്ങിയവ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അഴീക്കൽ തുറമുഖ വികസനം

111 [2980] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ തുറമുഖവികസനത്തിന് സർക്കാരിന്റെ മുമ്പിലുള്ള അടിയന്തിര നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly